"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം - കാലടി ഗ്രാമപഞ്ചായത്തിലെ 201/2014-15 പദ്ധതിയിലെ ക്രമക്കേട് -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി. ഷൈനി സി.വിയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു.എ) വകുപ്പ്

സ.ഉ.(സാധാ) നം.2077/2026/LSGD തീയതി,തിരുവനന്തപുരം, 03-11-2026

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.11.2021 ലെ ഇ13-9742(3)/2015/ സിഇ/തസ്വഭവ നമ്പർ കത്ത്.
2. 15.01.2022 ലെ ഇ.ഡബ്ല്യു.എ4/349/21/തസ്വഭവ നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
3. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.സി.വി.ഷൈനി സമർപ്പിച്ച 01.08.2022-ലെ പ്രതിവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01-01-2024 ലെ LSGD/PD/63383/2023-VIGC1 നമ്പർ കത്ത്.
5. 23-01-2024 ലെ സ.ഉ(സാധാ)നം.193/2024/LSGD.
6. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച 30.05.2024-ലെ EE-EKM/ER-01/2024 നമ്പർ അന്വേഷണ റിപ്പോർട്ട്.

ഉത്തരവ്

കാലടി ഗ്രാമപഞ്ചായത്തിലെ GP-201/14-15 Additional works in new Panchayath Building എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി. ഷൈനി. സി. വി-യ്ക്ക് എതിരെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. രവി.പി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയർ സമർപ്പിച്ച ഡേറ്റയിൽ Labour component-ൽ തിരുത്തലുകൾ വന്നുവെങ്കിലും മാർക്കറ്റ് റേറ്റിൽ വ്യത്യാസപ്പെടുത്തി, ആദ്യം സമർപ്പിച്ച റേറ്റിനെക്കാൾ കൂടിയ റേറ്റ് അംഗീകരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കിയതായാണ് എന്നും കൂടിയ റേറ്റ് നല്കുന്നതിലേയ്ക്കായി, മാർക്കറ്റ് റേറ്റ് കൂട്ടി ഡേറ്റ പുതുക്കി നല്കിയ അസിസ്റ്റന്റ് എഞ്ചിനീയറും നിലവിലെ മാർക്കറ്റ് റേറ്റ് മനസ്സിലാക്കാതെ കൂടിയ റേറ്റ് പാസ്സാക്കി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും കുറ്റക്കാരാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രധാനമായും അറിയിച്ചിരുന്നു. തുടർന്ന്, പ്രസ്തുത റിപ്പോർട്ടിൽ അറിയിച്ചിരുന്ന കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.രവി.പി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.ഷൈനി.സി.വി എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകിയിരുന്നു.

പ്രസ്തുത കുറ്റപത്രത്തിന് അസി.എക്സി.എഞ്ചിനീയർ ശ്രീമതി ഷൈനി.സി.വി പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ അറിയിച്ചിരുന്നു.

കാലടി ഗ്രാമ പഞ്ചയത്തിലെ 201/14-15 Additional works in new Panchayat building എന്ന പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് S.O.R 2012 പ്രകാരം തയ്യാറാക്കി ടെക്നിക്കൽ sanction വാങ്ങിച്ചിട്ടുള്ളതാണെന്നും, ടി വർക്കിനു വേണ്ടി അസിസ്റ്റന്റ് എൻജിനീയർ ശ്രീ.രവി. പി തയ്യാറാക്കി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിൽ extra items ഉൾപ്പെടുത്തിയിരുന്നതാണെന്നും, quarry muck filling ഉം, 50mm thick interlock tile paving ഉം, ടി റിവൈസ്ഡ് എസ്റ്റിമേറ്റ് DB check ചെയ്തപ്പോൾ ആണ് 50mm thick interlock tile paving എന്ന ഐറ്റത്തിന്റെ സ്പെസിഫിക്കേഷൻ നിർദ്ദേശിക്കുന്ന പ്രകാരമല്ല observed data prepare ചെയ്തിരിക്കുന്നതെന്നും താഴെ പറയുന്ന തിരുത്തലുകൾ അതിൽ ഉണ്ടായിരുന്നു.

a) Specification പ്രകാരം 50 mm thick inter lock tile paving ന് foundation layer ഉപയോഗിക്കുന്നത് Rs.700/ m3 നിരക്കുള്ള 6 mm broken stone ആണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കി നൽകിയ observed data യിൽ ഉൾപ്പെടുത്തിയിരുന്നത് Rs. 1150/m3 ന് നിരക്കുള്ള 4.50 mm broken stone ആണ്.

b) 1 m2 tile വിരിക്കുന്നതിന് അകെ labour charge (CP and OH charge കൂടാതെ) Rs.89.51/m2 ആവശ്യമുള്ളപ്പോൾ ശ്രീ.രവി സമർപ്പിച്ചിരുന്ന observed data യിൽ Rs. 127/m2 ആണ് ഉൾകൊള്ളിച്ചിരിക്കുന്നത്. മേൽ പറഞ്ഞ രണ്ടും ശ്രീ.പി.രവി implementing officer ആയി നടപ്പിലാക്കിയ പ്രവൃത്തിക്കും അസിസ്റ്റന്റ് എഞ്ചിനീയറായ ടിയാൻ തന്നെ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾക്കും, അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ തയ്യാറാക്കിയ observed data-ക്കും അസി. എക്സി.എഞ്ചിനീയർ ആയ തനിക്ക് എതിരെ ശ്രീ.രവി മനപൂർവ്വം പരാതി നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നും, ടിയാളുടെ ഭാഗത്തു നിന്നും മേൽ പറഞ്ഞ വിഷയങ്ങളിൽ മനപൂർവ്വമായി ഒരു തെറ്റും വന്നിട്ടില്ലായെന്നും, ശ്രീ.രവി പഞ്ചായത്തിൽ നടത്തിയ കൃത്യവിലോപങ്ങൾക്ക് കൂട്ടുനിൽക്കാതിരുന്നതിനാൽ ടിയാളെ മനപൂർവ്വം ഉപദ്രവിക്കുന്നതിനു വേണ്ടി മാത്രമാണ് ശ്രീ.രവി തന്നെ ചെയ്യിപ്പിച്ച വർക്കുകൾക്ക് ടിയാൻ തന്നെ ഉണ്ടാക്കിയ observed data ക്കും, ശ്രീ.രവി തന്നെ എം.ബുക്കിൽ എഴുതിയ അളവുകൾക്കും ടിയാൻ തന്നെയാണ് തനിക്ക് എതിരെ പരാതി നൽകിയിരിക്കുന്നതെന്നും സബ്ഡിവിഷനുമായി ബന്ധപ്പെട്ട് ശ്രീ.രവിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീമതി.ഷൈനി.സി.വി (അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ) സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (4) അഭിപ്രായ കുറിപ്പ് താഴെപ്പറയും പ്രകാരമാണ്.

1 . SOR 2012 -ൽ 50 mm paver block-ന് ഒറിജിനൽ ഐറ്റം ഇല്ലാത്തതിനാൽ SOR 2012 പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ Observed data തയ്യാറാക്കി പരിശോധിച്ചതിൽ, 50 mm paver block laying ന് 6mm broken stone ആണ് സ്പെസിഫിക്കേഷൻ പ്രകാരം ഫൗണ്ടേഷൻ ലെയറായി ഉപയോഗിക്കുന്നതെന്നും, 1.18 നമ്പർ ലേബറാണ് (48.99/M2) ആവശ്യമായി വരുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. SOR 2012 പ്രകാരം 100 mm, 75 mm, 60 mm paver block കളുടെ വില യഥാക്രമം 611, 570, 500 ആണുള്ളത്. അതു പ്രകാരം 50 mm block -ന്റെ വില calculate ചെയ്തപ്പോൾ ലഭ്യമായ Rs.460/M2 observed data യിൽ നൽകിയിട്ടുള്ളത്. ആയതിനാൽ 50 mm paver block laying-ന്റെ അകെ റേറ്റ് Rs.640.30/M22 ആണ് Observed data പ്രകാരം ലഭ്യമായിട്ടുള്ളത്. ഈ ഇനത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ആദ്യം തയ്യാറാക്കി സമർപ്പിച്ച observed data യിൽ labour component -ലും, broken stone - ന്റെ size- ലും വ്യത്യാസമുള്ളതായി കാണുന്നുവെന്നും, 6 mm broken stone ആവശ്യമുള്ളിടത്ത് 4.5 mm broken stone ഉപയോഗിച്ചതിനാലും, ലേബർ ചാർജ്ജ് കൂടി വന്നതിനാലുമാണ് observed data തിരികെ നൽകിയതെന്നുള്ള അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാദം അംഗീകരിക്കാവുന്നതാണ്.

50 mm paver block ന് 262/- രൂപയും, രണ്ടാമത് 443/- രൂപയും ആണ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ observed data യിൽ നൽകിയിട്ടുള്ളതെന്നും Rs.443/-M2 reasonable ആയി കാണുന്നുവെങ്കിലും, 50 m paver block laying - ന്റെ അകെ റേറ്റ് 640.30/M2 ആണ് observed data പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിയപ്പോൾ ലഭ്യമായിട്ടുള്ളതെന്നും എന്നാൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചു നൽകിയിട്ടുള്ളത് 700/M2 ആണെന്നും ആയതിനാൽ 1 M2 ന് 59.70/M2-ന്റെ വർദ്ധനവ് ഉള്ളതായി കാണുന്നുവെന്നും, M.Book പ്രകാരം (M.B.No.201/14-15) 535,443M2 ഏരിയയിലാണ് 50 mm Interlocking paver block ടി പ്രവൃത്തിയുടെ ഭാഗമായി ചെയ്തിട്ടുള്ളത്. ആയതിനാൽ 1

M2 ന് 59.70/- നിരക്കിൽ 535.443 M2ന് 31,966/- രൂപ അധികമായി നൽകിയിട്ടുള്ളതായും അധികരിച്ച observed data അംഗീകരിച്ച് നൽകിയത് അസി.എക്സി.എഞ്ചിനീയർ ശ്രീമതി സി.വി.ഷൈനിയുടെ ഭാഗത്തുള്ള വീഴ്ചയായി കണക്കാക്കാവുന്നതാണ്.

2. സൈറ്റ് ഓവർസിയർ, കരാറുകാരൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലംപരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരുന്ന 40 സെ.മീ കനം 20 സെ.മീ ആയി കുറച്ചതെന്നും, ടി അളവുകൾ അംഗീകരിച്ച് കരാറുകാരൻ എം. ബുക്കിൽ ഒപ്പ് വച്ചിട്ടുള്ളതായും, പേയ്മെന്റ് കൈപ്പറ്റിയിട്ടുള്ളതായുമായാണ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്.അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.ബുക്കിൽ തിരുത്തലുകൾ വരുത്തിയത് സൈറ്റിൽ quarry muck filling ന്റെ കനം പരിശോധിച്ചശേഷം മാത്രമാണെന്ന് അനുമാനിക്കാവുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട ടിയാളുടെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അങ്കമാലി സബ് ഡിവിഷനിൽ ജോയിൻ ചെയ്യുന്ന 2015 കാലയളവിൽ കാലടി ഗ്രാമപഞ്ചായത്തിൽ M.Book issue ചെയ്യുന്നതിന്റെയും, M.Book register -ന്റെയും പൂർണ്ണ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർക്കായിരുന്നെന്നും, ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ M.Book register കൃത്യമായി സൂക്ഷിക്കുന്നില്ലായെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയതിനുശേഷം എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വർക്കുകൾക്ക് സബ് ഡിവിഷനിൽ നിന്നും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ M.Book issue ചെയ്ത് തുടങ്ങിയതെന്നുമാണ് ടിയാൾ മറുപടിയിൽ ബോധിപ്പിച്ചിട്ടുള്ളത്. കാലടി ഗ്രാമപഞ്ചായത്തിൽ M.Book register ഇക്കാലയളവിൽ സൂക്ഷിച്ചിരുന്നില്ലായെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും സാധാരണയായി മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ M.Book വിതരണം ചെയ്യുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോ, സബ് ഡിവിഷനിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ ആണെന്നും എന്നാൽ ഇവിടെ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ സ്വയം issue ചെയ്തതായും ആയത് നിയമവിരുദ്ധമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്ത് മേൽനോട്ട കുറവ് സംഭവിച്ചിട്ടുള്ളതിനാൽ ടിയാരിയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ ടി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ 201/AE/LSGD/KALADY/2014-5 എന്ന നമ്പറിൽ ഒരു എം.ബുക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈവശം ഉള്ളതായും, ഇതിലെ അളവുകൾ ചെക്ക് മെഷർ ചെയ്തിട്ടില്ലായെന്നും ആദ്യം അളവുകൾ രേഖപ്പെടുത്തുകയും, തിരുത്തലുകൾ ആവശ്യമായി വന്നപ്പോൾ എം. ബുക്ക് മാറ്റി അതേ നമ്പറിൽ മറ്റൊരു എം. ബുക്ക് ഉപയോഗിക്കുകയും ചെയ്തതായും, ഈ എം.ബുക്ക് അസി. എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ളതായും പേയ്മെന്റ് നടത്തിയിട്ടുള്ളതായും പ്രവൃത്തിയുടെ പ്രോജക്ട് നമ്പർ തന്നെയാണ് എഗ്രിമെന്റ് നമ്പരും, എം.ബുക്ക് നമ്പരും ആയി കാണുന്നതെന്നും എം.ബുക്ക് മാറ്റി യഥേഷ്ടം അളവുകൾ തിരുത്തുന്നതിന് വേണ്ടിയാകാം ഇത്തരത്തിൽ ചെയ്യുന്നതെന്നും ആയത് നിയമ വിരുദ്ധമാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

ടി വിഷയത്തിൽ പരാമർശം (6) പ്രകാരം ലഭ്യമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരമുള്ള പ്രധാന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കാലടി ഗ്രാമ പഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ Rs.16,90,000/- (പതിനാറുലക്ഷത്തിതൊണ്ണൂറായിരം രൂപ) തനത് ഫണ്ട് വകയിരുത്തി ബഹുവർഷ പ്രോജക്ടായി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസിൽ ഭൗതിക സൗകര്യങ്ങൾ (Additional works in Panchayat office) എന്ന പ്രവൃത്തിക്ക് TS No.630/AEE/TS/2014-15 dtd 27/02/2015 പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയതായി കാണുന്നു. ടി പ്രവൃത്തി Sri.P.V.Babychan എന്ന കരാറുകാരൻ 18/03/2015 ൽ 201/AE/LSGD/KLD നമ്പരായി എഗ്രിമെന്റ് വച്ച് കരാർ ഏറ്റെടുത്തിട്ടുള്ളതായും, അന്നേ ദിവസം തന്നെ ടിയാന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകിയതായും, എം. ബുക്ക് നമ്പർ 201/AE/LSGD KALADY/2014-15-II പ്രകാരം ടി പ്രവൃത്തി 02/07/2015 ൽ ആരംഭിച്ച് 07/09/2015 -ൽ പൂർത്തിയാക്കിയിട്ടുള്ളതായും, 29.03.2016 ന് 918014/- രൂപയുടെ ഫസ്റ്റ് ആന്റ് ഫൈനൽ ബിൽ കരാറുകാരന് നൽകിയിട്ടുള്ളതായും കാണുന്നു.

കാലടി ഗ്രാമ പഞ്ചായത്തിലെ 2014 - 15 വർഷത്തെ എം.ബുക്ക് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ആയത് കൃത്യമായി എഴുതി സൂക്ഷിച്ചിരുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ, ഇക്കാലയളവിൽ ആവശ്യാനുസരണം അസിസ്റ്റന്റ് എഞ്ചിനീയർ എഗ്രിമെന്റ് നമ്പർ രേഖപ്പെടുത്തി എം.ബുക്ക് സ്വയം ഇഷ്യൂ

ചെയ്യുന്നതായും ആയത് നിയമ വിരുദ്ധമാണെന്നും പ്രോജക്ടിന്റെ നമ്പർ തന്നെയാണ് എഗ്രിമെന്റ് നമ്പറും എം.ബുക്ക് നമ്പറും എന്നുള്ളതുകൊണ്ട് എം.ബുക്ക് മാറ്റി അളവുകൾ തിരുത്തി എഴുതാൻ സഹായകരമാകുമെന്നും ഇക്കാര്യത്തിൽ അസി. എക്സ്കിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്ത് മേൽനോട്ടക്കുറവ് സംഭവിച്ചിട്ടുണ്ട് എന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ അറിയിച്ചിരുന്നു.

തുടർന്ന്, കുറ്റാരോപിതരെ 18/07/2024-ൽ അണ്ടർ സെക്രട്ടറി നേരിൽ കേട്ട വേളയിൽ പ്രതിവാദ പത്രികയിൽ പറഞ്ഞ കാര്യങ്ങൾ തന്നെ കുറ്റാരോപിതർ ഹിയറിങ് വേളയിലും ആവർത്തിയ്ക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട്, ശ്രീമതി.സി.വി.ഷൈനി സമർപ്പിച്ച പ്രതിവാദ പത്രിക, ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഈ വിഷയത്തിൽ അസിസ്റ്റന്റ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ഷൈനി.സി.വി യുടെ ഭാഗത്ത് നിന്നും സംഭവിച്ചിട്ടുള്ളത് മനഃപൂർവ്വമല്ലാത്ത ഒരു മേൽ നോട്ടവീഴ്ചയാണെന്ന് കാണുന്നു. ടിയാൾ 31.05.2025-ൽ സർവീസിൽ നിന്ന് വിരമിച്ചിട്ടുണ്ട്. പെൻഷനിൽ നിന്ന് തുക കുറവുചെയ്ത് കൊണ്ടുള്ള ശിക്ഷ നൽകത്തക്ക ഗുരുതരമായ വീഴ്ചകളോ ചട്ടലംഘനങ്ങളോ ടിയാളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല എന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ, കാലടി ഗ്രാമപഞ്ചായത്തിലെ 201/14-15 എന്ന പ്രവൃത്തിയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ അസിസ്റ്റന്റ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ഷൈനി.സി.വിയ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി അസാനിപ്പിച്ച്, നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി.ഷൈനി.സി.വി., അസിസ്റ്റന്റ് എക്സ്കിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.), വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്, (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5.തദ്ദേശ സ്വയംഭരണ (ഇ ഡബ്ലിയു ബി) വകുപ്പ്.
6.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ (EWA4/349/2021-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by Dileep D
Date: 03-11-2026 19:43:46
സെക്ഷൻ ഓഫീസർ